# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3444 15-03-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.എം. ഉമ്മർ

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>വരവും ചെലവും തമ്മിലുള്ള അന്തരത്തിന്റെ പ്രത്യാഘാതങ്ങൾ</u>**

| | | |
|---|---|---|
| (എ) | സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ വരവും ചെലവും തമ്മിലുള്ള അന്തരത്തിന്റെ ഫലമായി ഉടലെടുക്കുന്ന റിസോഴ്സ് ഗ്യാപും ലിക്വിഡിറ്റി പ്രതിസന്ധിയും പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | മാസാദ്യം ലഭിച്ചുകൊണ്ടിരുന്ന കേന്ദ്ര നികുതി വിഹിതം മാസത്തിന്റെ മദ്ധ്യത്തിലേയ്ക്ക് മാറ്റിയതും ജി.എസ്.ടി. നിയമപ്രകാരമുള്ള ദ്വൈമാസ നഷ്ടപരിഹാര ത്തുക യഥാസമയം നൽകാത്തതും ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് നടക്കാത്തതി നാലുമെല്ലാമുണ്ടായ ലിക്വിഡിറ്റി പ്രതിസന്ധി ബഹുമുഖ തന്ത്രങ്ങൾ വഴി മറികടക്കുന്ന തിനാണ് സർക്കാർ ശ്രമിക്കുന്നത്.<br>i) ആർ.ബി.ഐ.യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഇൻസ്ട്ര മെന്റുകൾ ഫലപ്രദമായി ഉപയോഗ പ്പെടുത്തുന്നു.<br>ii) അനാവശ്യമായ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നു.<br>iii) കർശനമായ മുൻഗണനകളുടെ അടിസ്ഥാനത്തിൽ ചെലവുകൾക്ക് വരവിന്റെ അടിസ്ഥാനത്തിലുള്ള സമയ ക്രമീകരണം നടത്തുന്നു.<br>iv) അനുവദനീയമായ വായ്പ ലിക്വിഡിറ്റി മാനേജ് ചെയ്യാൻ കഴിയുംവിധത്തിൽ ക്രമപ്പെടുത്തി വിനിയോഗിക്കുന്നു.<br>v) കേന്ദ്രനയത്തിൽ മാറ്റം വരുത്തുന്നതിന് സമ്മർദ്ദം ചെലുത്തുന്നു. |
| (ബി) | ധവളപത്ര പ്രകാരം നികുതി വരുമാന നിരക്ക് വരുംവർഷങ്ങളിൽ 20-25 %മായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | ധനദൃഢീകരണം സാധ്യമാകണമെങ്കിൽ വരുന്ന അഞ്ചുവർഷവും നികുതി വരുമാനം 20-25% നിരക്കിൽ വളരേണ്ടതുണ്ട് എന്നാണ് ധവളപത്രത്തിൽ വിലയിരുത്തിയിരുന്നത്. എന്നാൽ അപ്രതീക്ഷിതമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നോട്ട് നിരോധനവും തിടുക്കത്തിലും വേണ്ട മുന്നൊരുക്കത്തോടുകൂടിയുമല്ലാതെ നടപ്പി ലാക്കിയ ജി.എസ്.ടി.യും മേൽ പ്രസ്താവിച്ച നികുതി വളർച്ച കൈവരിക്കുവാനുള്ള |
| (സി) | പ്രസ്തുത നിരക്കിൽ സാമ്പത്തിക മേഖലയിൽ ക്രമീകരണം കൊണ്ടുവന്നാൽ അത് സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പിന് വിഘാതമാകും എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | |

| | | |
|---|---|---|
| | | സർക്കാർ ശ്രമത്തിന് വിഘാതമായിട്ടുണ്ട്. നോട്ട് നിരോധനത്തിന്റെ ഫലമായി ചെറുകിട-അസംഘടിത മേഖലയിലുണ്ടായ മുരടിപ്പ് ഇപ്പോഴും തുടരുന്നതും ചരക്കുസേവന നികുതിയിൽനിന്നും പ്രതീക്ഷിച്ച വളർച്ചയിലുള്ള വരുമാനം ലഭിക്കാതിരിക്കുന്നതും സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളിയാണ്. ഈ പരിമിതികൾക്കിട യിലും സർക്കാർ കൈക്കൊണ്ട ഫലപ്രദമായ നടപടികളുടെ ഫലമായി 2017-18 നവംബർ 30 വരെയുള്ള കാലയളവിൽ (അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം) പദ്ധതി ചെലവിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 20.35%-ഉം പദ്ധതിയേതര ചെലവിൽ 22.16%-ഉം വളർച്ച നേടുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നിലവിലെ വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിലൂടെ അനാവശ്യ ചെലവുകൾ ഒരു പരിധി വരെ കുറയ്ക്കുവാൻ ശ്രമിക്കുന്നതാണ്. അതേസമയം സാമൂഹ്യക്ഷേമ ചെലവു കളിൽ വെട്ടിക്കുറവോ പിടിച്ചുവെയ്ക്കലോ ഉണ്ടാകില്ല. |

അക്കൗണ്ട്സ് ഓഫീസർ